ഉപവിദ്യാഭ്യാസ ജില്ലകളുടെ വിഭജനം

94 (3004) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉപവിദ്യാഭ്യാസ ജില്ലകളുടെ വിഭജനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) കൊണ്ടോട്ടി ഉപവിദ്യാഭ്യാസ ജില്ല വിഭജിക്കണം എന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉപവിദ്യാഭ്യാസ ജില്ലകളുടെ വിഭജനം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും പലപ്പോഴായി ലഭിച്ചിട്ടുള്ള ശിപാർശകൾ ധനകാര്യ വകുപ്പുമായി ആലോചിച്ച് തീരുമാനമെടുത്തുവരുന്നു.

(ബി) കൊണ്ടോട്ടി ഉപജില്ല വിഭജിച്ച് പുളിക്കൽ ആസ്ഥാനമായി പുതിയ ഉപജില്ല രൂപീകരിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ ആവശ്യപ്പെട്ടിരിക്കുകയാണ്. സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ എങ്ങനെ ജീവനക്കാരെയും, കെട്ടിടം, ഫർണിച്ചർ എന്നിവ കണ്ടെത്തണമെന്നും അറിയിക്കുവാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

കട്ടനാട്ടിലെ വിദ്യാഭ്യാസ പദ്ധതികൾ

95 (3005) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, സർവ്വശിക്ഷാ അഭിയാൻ പദ്ധതികൾ പ്രകാരം കട്ടനാട്ടിൽ 2013-14 മുതൽ നാളിതുവരെ അനുവദിച്ച പദ്ധതികൾ വിശദമാക്കുമോ ;

(ബി) അസാപ് പദ്ധതി കട്ടനാട്ടിലെ ഹയർസെക്കന്ററി സ്കൂളിലും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2013-14 വർഷത്തിൽ കട്ടനാട് വിദ്യാഭ്യാസ ഉപജില്ലയിലെ ഏഴ് ഗവൺമെന്റ് സ്കൂളുകൾക്ക് സ്കൂൾ ഗ്രാന്റ് ഇനത്തിൽ 50,000 രൂപവീതവും സയൻസ് കിറ്റ് ഇനത്തിൽ 15,000 രൂപ വീതവും സെൽഫ് ഡിഫൻസ് ട്രെയിനിംഗ്

LIBRARY ARCHIVES Kerala Legislative Assembly